# വചന വിചിന്തനം

## മൂശാക്കാലം ഒന്നാം ഞായർ

### മത്താ 20,1-16

*"അമ്മയുടെ നീതിബോധമാണ് കർത്താവിന്. എല്ലാവർക്കും എല്ലാം എല്ലായ്പ്പോഴും സമം!"*

സരസമായ, എന്നാൽ, കൗതുകമുണർത്തുന്ന ഒരു രാജ്യകഥയുണ്ട് സംസ്ക്കാരത്തിൽ. രാജാവ് പ്രജകളുടെ സുഖവും ക്ഷേമവും തേടി യാത്രയായതാണ്. രാജാവ് വേഷപ്രച്ഛന്നനായിട്ടാണ്. രാജാവിനെ അനുഗമിച്ച് മന്ത്രിയും കൂടെ കൂടിയിട്ടുണ്ട്. രാവിലെ ഇറങ്ങിയതാണ് പ്രജകളുടെ ഐശ്വര്യവും തേടി. നടന്ന് നടന്ന് ക്ഷീണിച്ച് തളർന്ന് ഒരു മൈതാനത്തിന്റെ അരികിൽ ക്ഷീണമകറ്റാൻ വേണ്ടി പുൽതകിടിയിൽ ഇരിക്കുമ്പോഴാണ് രാജാവ് കൗതുകമുണർത്തുന്ന ഒരു കാഴ്ച കണ്ടത്. മൈതാനത്ത് ഫുട്ബോൾ കളി നടക്കുന്നു.

*പതിനൊന്നാം മണിക്കൂർ വരെ യജമാനന്റെ വരവും കാത്തിരുന്ന ജോലിക്കാരുടെ കാത്തിരിപ്പ് അഭിനന്ദനം അർഹിക്കുന്നു! സ്വർഗ്ഗരാജ്യം പതിനൊന്നാം മണിക്കൂർ വരെ ക്ഷമയോടെ കാത്തിരിക്കുന്നവർക്കാണ്.*

രാജാവ് എല്ലായ്പ്പോഴും രാജ്യകൊട്ടാരത്തിന്റെ നാല് ചുവരുകൾക്കുള്ളിലായിരുന്നത് കൊണ്ട് ഫുട്ബോൾ കളിയെ കുറിച്ച് ഒന്നും അറിയില്ല എന്നതു മാത്രമല്ല, ഇന്നു വരെ കണ്ടിട്ടു പോലുമില്ല. രാജാവ് നോക്കുമ്പോൾ കുറെ ചെറുപ്പക്കാർ ഒരു ഫുട്ബോളിന് പിന്നാലെ ഓടികൊണ്ടിരിക്കുന്നു. രാജാവിന് കൗതുകമായ്. രാജാവ് മന്ത്രിയെ വിളിച്ച് കാര്യം അന്വേഷിച്ചു.

"ഇത് എന്ത് തരം കളിയാണ്?"

മന്തി വളരെ വിനയത്തോടെ പറഞ്ഞു, "മഹാരാജാവേ, ഇതാണ് ഫുട്ബോൾ കളി. നമ്മൾ രാജ്യകൊട്ടാരത്തിലിരുന്ന് കളക്കുന്ന ചതുരംഗത്തേക്കാൾ ഏറെ ആവേശവും ശരീരത്തിന് ഏറെ ഊർജ്ജസ്വലതയും സമ്മാനിക്കുന്ന മത്സരമാണ് ഫുട്ബോൾ."

തൊട്ടടുത്ത നിമിഷം, രാജാവ് മന്ത്രിയോട് പറയുകയാണ്,

"ഇത്രമാത്രം സന്തോഷവും ഊർജ്ജസ്വലതയും സമ്മാനിക്കുന്ന മത്സരമാണ് ഫുട്ബോൾ എങ്കിൽ എന്തിനാണ് ഒരു ബോളിന്റെ പിന്നാലെ ഇത്രയും ചെറുപ്പക്കാർ കൂട്ടം കൂട്ടമായ് ഓടി ക്ഷീണിക്കുന്നത്. എല്ലാവർക്കും നമ്മുടെ വകയായ് ഓരേ ഫുട്ബോൾ വാങ്ങിച്ച് കൊടുക്കാൻ."

ഇത് കേൾക്കുന്ന നാം രാജാവിനെ "വിഢി" എന്ന് വിളിച്ച് കളിയാക്കുന്നുണ്ടെങ്കിലും രാജാവിന്റെ മനസ്സിന്റെ മഹത്വം അത് അമൂല്യമാണ്. എല്ലാവരെയും ഒരുപോലെ കാണാനും എല്ലാവർക്കും എല്ലാം ഒന്നുപോലെ ലഭിക്കണം എന്നുള്ള വലിയ ബോദ്ധ്യവും സ്വന്തമാക്കിയ "നല്ല രാജാവ്."

ഇത്തരമൊരു മഹാരാജാവിന്റെ മനസ്സിന്റെ നന്മയെ ചോദ്യം ചെയ്യുന്ന ഒരു പറ്റം കൂലിക്കാരെയാണ് വചനം പങ്കുവയ്ക്കുന്നത്. യജമാനൻ തന്റെ തോട്ടത്തിലേയ്ക്ക് വിവിധങ്ങളായ സമയങ്ങളിൽ വിവിധങ്ങളായ കൂലിക്കാരെ തേടി യാത്രയാകുന്നു. മൂന്നാം മണിക്കൂറിലും ആറാം മണിക്കൂറിലും ഒമ്പതാം മണിക്കൂറിലും പുറത്തേക്കിറങ്ങി ദിവസം ഒരു ദനാറ വീതം വേതനം നൽകാമെന്ന കരാറിൽ അവൻ അവരെ (ചന്തസ്ഥലത്ത് അലസരായി നിൽക്കുന്നവരെ) മുന്തിരിത്തോട്ടത്തിലേക്ക് ജോലിക്ക് അയച്ചു. ജോലിക്കാരെ വിളിച്ച് അവസാനം വന്നവർക്കു തുടങ്ങി ആദ്യം വന്നവർക്കുവരെ കൂലി കൊടുത്തു. പതിനൊന്നാം മണിക്കൂറിൽ വന്നവർക്ക് ഓരോ

ദനാറ ലഭിച്ചു. തങ്ങൾക്കു കൂടുതൽ ലഭിക്കുമെന്ന് ആദ്യം വന്നവർ വിചാരിച്ചു. എന്നാൽ, അവർക്കും ഓരോ ദനാറ തന്നെ കിട്ടി. അതു വാങ്ങുമ്പോൾ അവർ വീട്ടുടമസ്ഥനെതിരേ പിറുപിറുത്തു.

യജമാനനെതിലെ പിറുപിറുക്കാൻ കാരണം, "യജനാനൻ പറഞ്ഞ കൂലി കൊടുത്തില്ല" എന്നുള്ളതല്ല. മറിച്ച്, "പകലിന്റെ അധ്വാനവും ചൂടും സഹിച്ച ആദ്യം വന്നവരോട് അവസാനം വന്നവരെ നീ തുല്യരാക്കി." യജമാനൻ അവരിലൊരുവനോട് ഇങ്ങനെ മറുപടി പറഞ്ഞു: "സ്നേഹിതാ, ഞാൻ നിന്നോട് ഒരനീതിയുംചെയ്യുന്നില്ല. ഒരു ദനാറയ്ക്കല്ലേ നീ എന്നോടു സമ്മതിച്ചിരുന്നത്? നിനക്ക് അവകാശപ്പെട്ടതു വാങ്ങിക്കൊണ്ടു പൊയ്ക്കൊള്ളുക. അവസാനം വന്ന ഇവനും നിനക്കു നൽകിയതുപോലെതന്നെ കൊടുക്കാനാണ് എനിക്കിഷ്ടം. എന്റെ വസ്തുവകകൾകൊണ്ട് എനിക്കിഷ്ടമുള്ളതു ചെയ്യാൻ പാടില്ലെന്നോ? ഞാൻ നല്ലവനായതുകൊണ്ട് നീ എന്തിന് അസൂയപ്പെടുന്നു?" (മത്താ 20, 9-15).

തങ്ങൾക്ക് കുറഞ്ഞിട്ടില്ല, മറ്റുള്ളവർക്ക് കൂടിയിട്ടുമില്ല. പക്ഷെ, പ്രശ്നം തങ്ങൾക്കും മറ്റുള്ളവർക്കും ഒരേ തുക തന്നെയാണ് കിട്ടിയത് എന്നതാണ്. ഇതിനെയാണ് അസൂയ എന്ന് പറയുന്നത്. ഞാൻ മറ്റുള്ളവരെക്കാൾ വലുതല്ലേ? എന്നിട്ടും, എന്തിനാണ് എന്നെ മറ്റുള്ളവരുമായ് തുല്യപ്പെടുത്തുന്നേ? അല്ലെങ്കിൽ, എന്റെ അത്രമാത്രം കഴിവും ആരോഗ്യവും സൗന്ദര്യവും സാമ്പത്തിക സുസ്തിതിയും ഇല്ലാത അവരെ എന്തിനാണ് ഞാൻ ഇരിക്കുന്ന അതേ കസേരയിൽ തന്നെ ഇരുത്തുകയും എന്നോടൊപ്പം തുലനപ്പെടുത്തുകയും ചെയ്യുന്നേ? അവിടെയൊക്കെ യജമാനന് പറയാനുള്ളത് ഒന്നുമാത്രമാണ്, "സ്നേഹിതാ, ഞാൻ നിന്നോട് ഒരനീതിയും ചെയ്യുന്നില്ല. അവസാനം വന്ന ഇവനും നിനക്കു നൽകിയതുപോലെതന്നെ കൊടുക്കാനാണ് എനിക്കിഷ്ടം. എന്റെ വസ്തുവകകൾകൊണ്ട് എനിക്കിഷ്ടമുള്ളതു ചെയ്യാൻ പാടില്ലെന്നോ? ഞാൻ നല്ലവനായതുകൊണ്ട് നീ എന്തിന് അസൂയപ്പെടുന്നു?" (മത്താ 20, 9-15).

സഹോദരന്റെ നന്മയും സമൃദ്ധിയും നമ്മുടെ ഉറക്കം കെടുത്തുന്നുണ്ടെങ്കിൽ ഞാനും മുന്തിരിതോട്ടത്തിലെ കൃഷിക്കാരും തമ്മിൽ വലിയ അന്തരം ഒന്നും ഇല്ലാ!

ന്യായത്തിന്റെ പേരിൽ കർത്താവിനോട് വാഗ്വാഗ്വാത്തിൽ ഏർപ്പെടുന്ന മനുഷ്യരുടെ ഏറ്റവും ഹൃദ്യമായ ചിത്രവും അതിനുള്ള ദൈവത്തിന്റെ മറുപടിയുമാണ് സുവിശേഷകൻ ചിത്രീകരിക്കുന്നത്. തന്റെ സഹനങ്ങളുടെ പേരിൽ ദൈവത്തിന്റെ നീതിബോധത്തെ ചോദ്യം ചെയ്യുന്ന ജോബിന്റെ ചിത്രം ജോബിന്റെ പുസ്തകത്തിൽ നിന്ന് അടർത്തിയെടുക്കാൻ സാധിക്കും. യോനയുടെ പുസ്തകത്തിൽ കർത്താവിന്റെ നീതിബോധം മറുന്നതിന് കർത്താവുമായി വാഗ്വാഗ്വം നടത്തുന്ന യോനയുടെ ചിത്രവും വചനം സമ്മാനിക്കുന്നുണ്ട്.

യോനായ്ക്കു കർത്താവിന്റെ അരുളപ്പാടുണ്ടായി. എഴുന്നേറ്റ് മഹാനഗരമായ നിനെവേയിലേക്കു പോവുക. ഞാൻ നൽകുന്ന സന്ദേശം നീ അവിടെ പ്രഘോഷിക്കുക. യോനാ വിളിച്ചു പറഞ്ഞു: "നാൽപതു ദിവസം കഴിയുമ്പോൾ നിനെവേ നശിപ്പിക്കപ്പെടും." നിനെവേയിലെ ജനങ്ങൾ ദൈവത്തിൽ വിശ്വസിച്ചു. തങ്ങളുടെ ദുഷ്ടതയിൽനിന്ന് അവർ പിൻതിരിഞ്ഞു എന്നു കണ്ട് ദൈവം മനസ്സുമാറ്റി; അവരുടെമേൽ അയയ്ക്കുമെന്നു പറഞ്ഞതിൻമ അയച്ചില്ല.

യോനാ ഇതിൽ അത്യധികം അസംതൃപ്തനും കുപിതനുമായി. കർത്താവ് ചോദിച്ചു: "നിനക്കു കോപിക്കാൻ എന്തു കാര്യം?" യോനാ പുറത്തിറങ്ങി നഗരത്തിന്റെ കിഴക്കുഭാഗത്തു പോയി ഇരുന്നു. അവിടെ അവൻ തനിക്കുവേണ്ടി ഒരു കൂടാരം നിർമിച്ചു. നഗരത്തിന് എന്തു സംഭവിക്കുമെന്നു കാണാനായി കൂടാരത്തിന്റെ കീഴിൽ ഇരുന്നു. യോനായ്ക്കു തണലും ആശ്വാസവും നൽകുന്നതിന് ദൈവമായ കർത്താവ് ഒരു ചെടി മുളപ്പിച്ചു. ആ ചെടി കണ്ട് യോനാ അത്യധികം സന്തോഷിച്ചു. പിറ്റേന്നു

പ്രഭാതത്തിൽ ദൈവം ഒരു പുഴുവിനെ അയച്ചു. അത് ആ ചെടിയെ ആക്രമിച്ചു; ചെടി വാടിപ്പോയി. സൂര്യനുദിച്ചപ്പോൾ ദൈവം അത്യുഷ്ണമുള്ള കിഴക്കൻകാറ്റിനെ നിയോഗിച്ചു. തലയിൽ സൂര്യന്റെ ചൂടേറ്റ് യോനാ തളർന്നു.

ദൈവം യോനായോടു ചോദിച്ചു: "ആ ചെടിയെച്ചൊല്ലി കോപിക്കാൻ നിനക്കെന്തു കാര്യം? ഈ ചെടി ഒരു രാത്രികൊണ്ട് വളരുകയും അടുത്ത രാത്രി നശിക്കുകയും ചെയ്തു. നീ അതിന്റെ വളർച്ചയ്ക്കുവേണ്ടി അധ്വാനിച്ചിട്ടില്ല. എന്നിട്ടും നിനക്കതിനോട് അനുകമ്പ തോന്നുന്നു. എങ്കിൽ, ഇടംവലം തിരിച്ചറിയാൻ കഴിവില്ലാത്ത ഒരുലക്ഷത്തിയിരുപതിനായിരത്തിൽപരം ആളുകളും അസംഖ്യം മൃഗങ്ങളും വസിക്കുന്ന മഹാനഗരമായ നിനെവേയോട് എനിക്ക് അനുകമ്പ തോന്നരുതെന്നോ?" (യോന 3; 4).

മാനുഷികമായ നീതിസങ്കൽപ്പത്തിന്റെ അളവുകോൽ വച്ച് അളന്നിട്ടും മാനുഷികനീതിസങ്കൽപ്പത്തിന്റെ ഇരു ധ്രുവങ്ങൾ തമ്മിലുള്ള അന്തരം വർദ്ധിക്കുമ്പോൾ കർത്താവുമായി കലഹിക്കുകയും കർത്താവിന്റെ നീതിബോധത്തെ കുറ്റപ്പെടുത്തുകയും ചെയ്യുന്ന മുന്തിരിതോട്ടത്തിലെ കൃഷിക്കാരോട് കർത്താവിന് പറയാനുള്ളത് യോനയോട് പറഞ്ഞത് തന്നെയാണ്, "എനിക്ക് അനുകമ്പ തോന്നരുതെന്നോ?" (യോഹ 4,11). യജമാനന്റെ കരുണ ആവോളം അനുഭവിച്ചവരാണ് മുന്തിരിതോട്ടത്തിലെ കൂലിക്കാർ. കാരണം, ആരാലും ശ്രദ്ധിക്കപ്പെടാതെ (അലസരായ്) നിന്നവരാണ് പലരും. എന്നിട്ടും, യജമാനൻ അവരെ വിളിച്ച് ജോലി സമ്മാനിക്കുന്നു. അർഹിച്ചതിനേക്കാൾ അധികം കൂലിയും യജമാനൻ അവർക്ക് സമ്മാനിക്കുന്നു. എന്നിട്ടും, അവർ യജമാനനനെതിരെ പിറുപിറുക്കുന്നു. കാരണം, മറ്റുള്ളവരെ തങ്ങൾക്ക് തുല്ല്യരാക്കി!

"ആരും ഉപരിശ്രേഷ്ഠരല്ല" എന്നുള്ള വലിയ ഓർമ്മപ്പെടുത്തലാണ് മുന്തിരിതോട്ടത്തിലെ കൃഷിക്കാരുടെ ഉപമ!

വൈകുന്നേരമായപ്പോൾ മുന്തിരിത്തോട്ടത്തിൻെറ ഉടമസ്ഥൻ കാര്യസ്ഥനോടു പറഞ്ഞു: "ജോലിക്കാരെ വിളിച്ച് അവസാനം വന്നവർക്കു തുടങ്ങി ആദ്യം വന്നവർക്കുവരെ കൂലി കൊടുക്കുക." പതിനൊന്നാം മണിക്കൂറിൽ വന്നവർക്ക് ഓരോ ദനാറ ലഭിച്ചു. തങ്ങൾക്കു കൂടുതൽ ലഭിക്കുമെന്ന് ആദ്യം വന്നവർ വിചാരിച്ചു. എന്നാൽ, അവർക്കും ഓരോ ദനാറ തന്നെ കിട്ടി. അതു വാങ്ങുമ്പോൾ അവർ വീട്ടുടമസ്ഥനെതിരേ പിറുപിറുത്തു (മത്താ 20,8-11). കരാറനുസരിച്ചുള്ള കൂലി വാങ്ങുമ്പോഴാണ് യജമാനനെതിരെ കൂലിക്കാർ പിറുപിറുക്കുന്നത്. അന്ന് ലഭിച്ച കൂലി പലർക്കും യജമാനന്റെ ഔദാര്യമാണ്. യജമാനിൽ നിന്ന് ദാനം സ്വീകരിക്കുമ്പോഴും യജമാനെതിരെ കുറ്റം പറയുന്ന കൂലിക്കാർ! ആത്മപരിശോദന ചെയ്യാം, "ദൈവത്തിൽ നിന്ന് ദാനം സ്വീകരിക്കുമ്പോഴും ദൈവത്തിനെതിരെ പിറുപിറുക്കുന്നവരാണോ നാം?"

**"ഞാൻ നിങ്ങളോടു പറയുന്നു,**
**ധനവാൻ സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ എളുപ്പം**
**ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാണ്"**

മത്താ 19,27

ഫാ. ജോബി മെനോത്ത് : +91 944 7777 931